# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1218 — 10.08.2017-ൽ മറുപടിക്ക്

## അത്രൂർ കെൽട്രാക്ക് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ് | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) വ്യവസായ വകുപ്പിനു കീഴിൽ അത്രൂർ കെൽട്രോണിൽ പ്രവർത്തിച്ചു വന്നിരുന്ന ടൂൾ ആൻഡ് ഡൈ മേക്കിംഗ് കോഴ്സ്, പോളിടെക്നിക്കിലെ ഡിപ്ലോമാ കോഴ്സിന് തുല്യമാക്കിയതിനെ തുടർന്ന് അത്രൂർ കെൽട്രാക്ക് എന്ന സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച് 2015, 2016, 2017 എന്നീ വർഷങ്ങളിലെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിനും പുതിയ പരീക്ഷ നടത്തിപ്പിലും വന്നതായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ; | (ബി) കെൽട്രാക്ക് നടത്തുന്ന ഡിപ്ലോമാ കോഴ്സുകളിൽ 2014-15 വരെ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുന്നതിനു കെൽട്രാക്ക് ഡയറക്ടറെയും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെയും ചുമതലപ്പെടുത്തി ക്കൊണ്ട് 29.3.2017 ലെ ജി.ഒ. (എം.എസ്)87/47/ഉവിവ നമ്പർ പ്രകാരം ഉത്തരവായിരുന്നു. 2015-16 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സാങ്കേതിക പരീക്ഷാ കൺട്രോളർ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉത്തര വായിട്ടുണ്ട്. അതിൻപ്രകാരം പരീക്ഷാ ക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | 2017 വർഷത്തെ പ്രവേശന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; എന്നത്തേയ്ക്ക് ക്ലാസുകൾ ആരംഭിക്കാനാവും എന്ന് വ്യക്തമാക്കാമോ? | (സി) | പോളിടെക്നിക്ക് ഡിപ്ലോമാ കോഴ്സിന് തുല്യമായി കെൽട്രാക്ക് നടത്തുന്ന ടൂൾ ആന്റ് ഡൈ മേക്കിംഗ് ഡിപ്ലോമാ കോഴ്സിന്റെ സിലബസ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതിന് ശേഷം പ്രവേശന പരീക്ഷ നടപടികൾ, കൗൺസിലിംഗ്, അഡ്മിഷൻ എന്നിവ പൂർത്തിയായ ശേഷം മാത്രമേ ക്ലാസുകൾ ആരംഭിക്കുന്ന തീയതി നിശ്ചയിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ